**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4273** **18-03-2025 - ൽ മറുപടിയ്ക്ക്**

**സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ സ്കൂളുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | വിദ്യാർത്ഥികളിലെ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനായി സംരംഭകത്വ വികസന ക്ലബ് എന്ന പദ്ധതി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തുക, സംരംഭക സൃഷ്ടിയിൽ സംഭാവന നൽകുന്നതിനുള്ള നൈപുണ്യം, സാങ്കേതികവിദ്യകൾ, ആത്മവിശ്വാസം തുടങ്ങിയവ ഉറപ്പുവരുത്തുക തുടങ്ങിയ ഉദ്ദേശത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംരംഭകത്വ വികസന ക്ലബ് (ഇഡി ക്ലബ്). സാങ്കേതിക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ വിദ്യാർഥികളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ ജില്ലാവ്യവസായ കേന്ദ്രങ്ങൾ വഴി നല്കി വരുന്നു |

സെക്ഷൻ ഓഫീസർ